**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികയിലെ സീനിയോറിറ്റി പുനഃക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട് മുനിസിപ്പൽ സെക്രട്ടറി ശ്രീ.സാജു ഡി. സർക്കാരിന് സമർപ്പിച്ച ഹർജികൾ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ.(സാധാ) നം.433/2017/തസ്വഭവ. തീയതി, തിരുവനന്തപുരം,15/02/2017.

================================================================================

**പരാമർശം :**
1) 29.07.2011 തീയതിയിലെ സ.ഉ.(സാധാ)നം. 1810/11/തസ്വഭവ.
2) 12.12.2011 തീയതിയിലെ സ.ഉ.(സാധാ) നം. 2931/11/തസ്വഭവ.
3) ശ്രീ. സാജു. ഡി. സമർപ്പിച്ച 26.07.2012, 03.09.2014 തീയതികളിലെ നിവേദനങ്ങൾ.
4) കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 27.11.2015 തീയതിയിലെ ആർ1 എ.(2) 1413/05/ഗ.വി. നമ്പർ കത്ത്.
5) നഗരകാര്യ ഡയറക്ടറുടെ 19.04.2016 തീയതിയിലെ ഇ2-21663/2013 നമ്പർ കത്ത്.
6) 29.04.2016 തീയതിയിലെ 53441/ഇയു1/12/തസ്വഭവ. നമ്പർ നോട്ടീസ്.
7) മുനിസിപ്പൽ സെക്രട്ടറി ശ്രീ. വി.ജെ. കുര്യൻ സമർപ്പിച്ച 13.05.2016 തീയതിയിലെ നിവേദനം.
8) മുനിസിപ്പൽ സെക്രട്ടറി ശ്രീ. റ്റി.ജി.അജേഷ് സമർപ്പിച്ച 27.05.2016 തീയതിയിലെ നിവേദനം
9) മുനിസിപ്പൽ സെക്രട്ടറി ശ്രീ. എ.എസ്.സുഭഗൻ സമർപ്പിച്ച 11.07.2016 തീയതിയിലെ നിവേദനം
10) മുനിസിപ്പൽ സെക്രട്ടറി, ശ്രീ. യു.എസ്.സതീശൻ സമർപ്പിച്ച 11.07.2016 തീയതിയിലെ നിവേദനം
11) മുനിസിപ്പൽ സെക്രട്ടറി ശ്രീ. വിനു സി. കുഞ്ഞപ്പൻ സമർപ്പിച്ച 11.07.2016 തീയതിയിലെ നിവേദനം
12) മുനിസിപ്പൽ സെക്രട്ടറിമാരായ ശ്രീ. വി.ജെ. കുര്യൻ, ശ്രീ. യു.എസ്. സതീശൻ, ശ്രീ. എ.എസ്.സുഭഗൻ എന്നിവർ സമർപ്പിച്ച 08.02.2016 തീയതിയിലെ നിവേദനങ്ങൾ.
13) മുനിസിപ്പൽ സെക്രട്ടറി ശ്രീ. വിനു സി. കുഞ്ഞപ്പൻ സമർപ്പിച്ച 13.12.2016 തീയതിയിലെ നിവേദനം.
14) മുനിസിപ്പൽ സെക്രട്ടറി ശ്രീ. റ്റി.ജി. അജേഷ് സമർപ്പിച്ച 23.12.2016 ലെ നിവേദനം.

**ഉത്തരവ്**

നഗരകാര്യ വകുപ്പിൽ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികയിൽ നിയമനത്തിനായി 31.12.2004 ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ അദർ ക്രിസ്ത്യൻ വിഭാഗത്തിൽ (OX) ഒന്നാം റാങ്കുകാരനായ ശ്രീ. സാജു, ഡി. കേരളാ പബ്ലിക്

സർവ്വീസ് കമ്മീഷൻ ആവശ്യപ്പെട്ട നോൺ ക്രീമിലയർ സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തതിനാൽ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ ടിയാന്റെ നിയമന ശുപാർശ മരവിപ്പിക്കുകയും തുടർന്ന് ബഹു. ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ പി.എസ്.സി. ടിയാന്റെ അഡ്വൈസ് തീയതി 16.03.2007 ആയി നിലനിർത്തി നിയമന ശുപാർശ നൽകുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം ടിയാനെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയിൽ നിയമിച്ചുകൊണ്ടും ചട്ടപ്രകാരമുള്ള 3 മാസത്തെ പ്രീസർവ്വീസ് ട്രെയിനിംഗിന് നിയോഗിച്ചുകൊണ്ടും ഉത്തരവായി. ട്രെയിനിംഗ് പൂർത്തിയായ ശേഷം പരാമർശം 2 പ്രകാരം ടിയാനെ കുന്നംകുളം നഗരസഭാ സെക്രട്ടറിയായി നിയമിച്ചു.

2. ശ്രീ. സാജു ഡി. 08.08.2011 തീയതിയിൽ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികയിൽ സർവ്വീസിൽ പ്രവേശിച്ചു. കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ പുറപ്പെടുവിച്ച മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III റാങ്ക് ലിസ്റ്റ് പ്രകാരം ടിയാന്റെ സ്ഥാനം ശ്രീ.എം.സി. ജോണിന്റെ തൊട്ട് താഴെയാണെന്നും, ശ്രീ.എം.സി. ജോണിന് 25.05.2007-ൽ നിയമനം നൽകിയിട്ടുണ്ടെന്നും, റൊട്ടേഷൻ ക്രമപ്രകാരം റൊട്ടേഷൻ ആരംഭിച്ചത് റാങ്ക് നമ്പർ 40 ൽ ആയതിനാൽ ടിയാന്റെ ടേൺ ഓഫ് അഡ്വൈസ്, റാങ്ക് നം. 48 ആയിരുന്നുവെന്നും, എന്നാൽ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ സാങ്കേതികതകൾ ഉയർത്തി ടിയാന്റെ അഡ്വൈസ് തടഞ്ഞുവയ്ക്കുകയാണ് ഉണ്ടായതെന്നും, പിന്നീട് നിയമയുദ്ധത്തിലൂടെ നിയമനം ലഭിച്ചുവെങ്കിലും ടിയാന് 2011 ൽ മാത്രമാണ് ജോലിയിൽ പ്രവേശിക്കാനായതെന്നും ആകയാൽ ടിയാന്റെ സീനിയോറിറ്റി പുനഃക്രമീകരിച്ച് സീനിയോറിറ്റി പട്ടികയിൽ ശ്രീ. സെയ്ഫുദ്ദീനും ശ്രീ. ജോൺ എം.സി.ക്കും ഇടയിൽ സ്ഥാനം നൽകണമെന്നുമാവശ്യപ്പെട്ട് പരാമർശം 3 പ്രകാരം ശ്രീ.സാജു ഡി. സർക്കാരിന് നിവേദനങ്ങൾ സമർപ്പിച്ചു.

3. ഈ വിഷയത്തിൽ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരാഞ്ഞിരുന്നു. നഗരകാര്യ വകുപ്പിൽ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികയിൽ നിയമനത്തിനായി 16.03.2007 ൽ അംഗീകരിച്ച നിയമന ശിപാർശാ ക്രമത്തിൽ (Rotation) ഉൾപ്പെട്ട ശ്രീ. സാജു. ഡി. യുടെ നിയമന ശിപാർശ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് റിലീസ് ചെയ്തതെന്നും കേരളാ സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പ്രകാരം ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുമ്പോഴാണ് നിയമന ശിപാർശ ഫലവത്താകുന്നത് (Effective Advice) എന്നും ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ ചട്ടങ്ങൾക്കനുസൃതമായാണ് ശ്രീ. സാജു. ഡി. യുടെ സർവ്വീസ് മുൻഗണനാ ക്രമം (Service Seniority) നിയമനാധികാരി നിർണ്ണയിക്കേണ്ടത് എന്നും കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി പരാമർശം 4 പ്രകാരം സർക്കാരിനെ അറിയിച്ചു.

4 സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. KS & SSRs Part II ചട്ടം 27(c) പ്രകാരം പി.എസ്.സി. ശുപാർശ പ്രകാരം നിയമിതനാകുന്ന ഒരുദ്യോഗസ്ഥന്റെ സീനിയോറിറ്റി, ഒരു ശിക്ഷണ നടപടിയുടെ ഭാഗമായി അയാളെ തരംതാഴ്ത്താത്തിടത്തോളം, ആ ക്ലാസിലേയ്ക്കോ കാറ്റഗറിയിലേയ്ക്കോ, ഗ്രേഡിലേയ്ക്കോ അയാളെ നിയമിക്കുന്നതിനായുള്ള ആദ്യ ഇഫക്ടീവ് അഡ്വൈസ് തീയതി മുതലായിരിക്കും നിശ്ചയിക്കുക. ഒരേ ശുപാർശാ ലിസ്റ്റിൽ ഒന്നിൽക്കൂടുതൽ ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവരുടെ അപേക്ഷിക മുൻഗണനാക്രമം കമ്മീഷന്റെ ശുപാർശാ ലിസ്റ്റിൽ അവരുടെ പേരുകൾ ക്രമീകരിച്ചിരിക്കുന്ന ക്രമത്തിനനുസൃതമായി നിശ്ചയിക്കേണ്ടതാണ്. ഈ കേസിൽ ശ്രീ.സാജു.ഡി യ്ക്ക്

04/07/2011 നാണ് അഡ്വൈസ് ഓർഡർ റിലീസ് ചെയ്ത് നൽകിയതെങ്കിലും ടിയാന്റെ റൊട്ടേഷൻ ക്രമമനുസരിച്ച് ടിയാൻ 16/03/2007 തീയതിയിൽ നിയമന ശുപാർശ ലഭിക്കാൻ അർഹനായിരുന്നുവെന്ന് രേഖകൾ പ്രകാരം വ്യക്തമാണ്. ടിയാൻ സമർപ്പിച്ച നോൺ ക്രീമിലയർ സർട്ടിഫിക്കറ്റിൽ പി.എസ്.സി ആക്ഷേപമുന്നയിക്കാതിരുന്നെങ്കിൽ ടി തീയതി പ്രാബല്യത്തിൽ ടിയാൻ നിയമന ശുപാർശ ലഭിക്കാൻ അർഹനായിരുന്നു. പി.എസ്.സി യുടെ വാദഗതികൾ ബഹു. കേരള ഹൈക്കോടതി നിരസിച്ചിട്ടുള്ള സാഹചര്യത്തിൽ 16/03/2007 ൽ നിയമന ശുപാർശ ലഭിക്കാൻ ടിയാൻ അർഹനായിരുന്നുവെന്നും കാണുന്നു. അതിനാൽ ഈ കേസിൽ ടിയാന്റെ കുറ്റം കൊണ്ടല്ല ടിയാന് അർഹതപ്പെട്ട തീയതിയിൽ നിയമന ശുപാർശ ലഭിക്കാത്തത് എന്നതിനാൽ KS & SSRs Part II ചട്ടം 39 ലെ സർക്കാരിന്റെ സവിശേഷ അധികാരമുപയോഗിച്ച് ശ്രീ. സാജു ഡി യുടെ Effective Date of Advice 16/03/2007 ആയി കണക്കാക്കി ടിയാന്റെ സീനിയോറിറ്റി, ടിയാൻ യഥാർത്ഥത്തിൽ സേവനമാരംഭിച്ച കാലയളവുവരെയുള്ള കാലഘട്ടത്തിൽ ടിയാന്റെ ജൂനിയറിന് ലഭ്യമായിട്ടുള്ള സാമ്പത്തികാനുകൂല്യങ്ങൾ ലഭിക്കുന്നതിന് ടിയാന് അർഹത ഉണ്ടായിരിക്കുകയില്ല എന്ന നിബന്ധനയിൽ ക്രമീകരിക്കുവാൻ സർക്കാർ താൽക്കാലികമായി തീരുമാനിക്കുകയും ആയതിൽ ആക്ഷേപങ്ങളോ പരാതികളോ ഉണ്ടെങ്കിൽ ബോധിപ്പിക്കുവാൻ affected party കൾക്ക് പരാമർശം 6 പ്രകാരം നോട്ടീസ് നൽകുകയുമുണ്ടായി. ടി നോട്ടീസിനെതിരെ താഴെപ്പറയുന്ന 5 മുനിസിപ്പൽ സെക്രട്ടറിമാർ സർക്കാരിന് പരാമർശം 7 മുതൽ 11 വരെയുള്ള നിവേദനങ്ങൾ പ്രകാരം ഒബ്ജക്ഷൻ സമർപ്പിച്ചു.

1) ശ്രീ. റ്റി.ജി. അജേഷ്
2) ശ്രീ. വി. ജെ. കുര്യൻ
3) ശ്രീ. എ.എസ്. സുഭഗൻ
4) ശ്രീ. യു.എസ്. സതീശൻ
5) ശ്രീ. വിനു. സി. കുഞ്ഞപ്പൻ.

5. മേൽപ്പറഞ്ഞ ഒബ്ജക്ഷനുകളുമായി ബന്ധപ്പെട്ട് തങ്ങൾക്ക് ഹിയറിംഗ് ആവശ്യമില്ലായെന്നും തങ്ങൾ ഉന്നയിച്ചിരിക്കുന്ന ആക്ഷേപങ്ങൾ കണക്കിലെടുത്ത് സീനിയോറിറ്റി ലിസ്റ്റ് ഉടൻ തന്നെ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അവർ പിന്നീട് പരാമർശം 12 മുതൽ 14 വരെയുള്ള നിവേദനങ്ങൾ പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സെക്രട്ടറിമാർ ഉന്നയിച്ച ആക്ഷേപങ്ങളുടെ ചുരുക്കവിവരം ചുവടെ ചേർക്കുന്നു.

a) ശ്രീ. റ്റി.ജി. അജേഷ്- ശ്രീ. സാജുവിന്റെ സീനിയോറിറ്റി പുനർ നിർണ്ണയം പരിഗണിക്കുമ്പോൾ ശ്രീ. അജേഷിന്റെ സീനിയോറിറ്റിയും പരിശോധിക്കണം.

b) ശ്രീ. വി.ജെ. കുര്യൻ - നിലവിൽ രണ്ടാം ഗ്രേഡ് സെക്രട്ടറിയായി പോലും നിയമനം ലഭിക്കാത്ത ശ്രീ. സാജു ഡി. യ്ക്ക് ഒന്നാം ഗ്രേഡ് സെക്രട്ടറിമാരായ ടിയാന്റെയും ശ്രീമതി അനു.ആർ.എസ്. ന്റെയും മുകളിലായി സീനിയോറിറ്റി പുനർനിർണ്ണയിച്ചു നൽകാമെന്ന തീരുമാനം നിലവിലുള്ള ചട്ടത്തിന്റെ ലംഘനമാണ്. ആയതിനാൽ ടി തീരുമാനം പുനഃപരിശോധിച്ച് അവസാനിപ്പിക്കണം.

c) ശ്രീ. എ.എസ്. സുഭഗൻ - ശ്രീ. സാജുവിന് മുൻപേ സർവ്വീസിൽ പ്രവേശിക്കുകയും ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് യോഗ്യത നേടുകയും രണ്ടാം ഗ്രേഡ് നഗരസഭാ സെക്രട്ടറിയായി ഉദ്യോഗക്കയറ്റം നേടിയിട്ടുമുള്ള തനിക്ക് മുകളിലായി

ശ്രീ.സാജുവിന് സീനിയോറിറ്റി പുനർ നിർണ്ണയിച്ച് നൽകുന്നത് അനുചിതവും നിയമവിരുദ്ധവുമാണ്. ആയതിനാൽ സർക്കാർ തീരുമാനം സ്ഥിരപ്പെടുത്തരുത്.

d) ശ്രീ. യു.എസ്. സതീശൻ - മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന തനിക്ക് മുകളിലായി ശ്രീ.ഡി. സാജുവിന്റെ സീനിയോറിറ്റി പുനർനിർണ്ണയിച്ച് നൽകുന്നത് തന്റെ സർവ്വീസിനെയും പ്രൊമോഷനേയും ബാധിക്കുമെന്നതിനാൽ ശ്രീ. സാജുവിന്റെ വാദം പരിഗണിക്കരുത്.

e) ശ്രീ. വിനു.സി. കുഞ്ഞപ്പൻ -കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുൻപാകെ നോൺ ക്രീമിലയർ സർട്ടിഫിക്കറ്റ് സമയബന്ധിതമായി ഹാജരാക്കുക എന്നത് ശ്രീ. സാജുവിന്റെ പരിപൂർണ്ണ ഉത്തരവാദിത്വമാണ്. ടിയാന്റെ നിയമന ഉത്തരവിന്റെ അഡ്വൈസ് തീയതി 04.07.2011 ഉം 27.09.2011 തീയതിയിലെ സ.ഉ. (സാധാ) നം. 1810/2011/തസ്വഭവ. പ്രകാരം ടിയാൻ സർവ്വീസിൽ പ്രവേശിച്ചത് 26.12.2011 തീയതിയിലുമാണ്. ആയതിനാൽ സീനിയോറിറ്റിയുമായി ബന്ധപ്പെട്ട വിഷയത്തിൽ എല്ലാ കാര്യങ്ങളും മനസ്സിലാക്കിയതിനു ശേഷം മാത്രമേ ഉചിത തീരുമാനം എടുക്കാവു.

6) മേൽപ്പറഞ്ഞ ഒബ്ജക്ഷനുകൾ സർക്കാർ വിശദമായി പരിശോധിച്ചു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ശ്രീ. സാജുവിന്റെ നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് സംബന്ധിച്ച് ആക്ഷേപം ഉന്നയിക്കാതിരുന്നുവെങ്കിൽ ടിയാന് നിശ്ചയമായും 16/03/2007 തീയതി പ്രാബല്യത്തിൽ സീനിയോരിറ്റി ലഭിക്കുമായിരുന്നു. ശ്രീ. ഡി. സാജുവിന്റെ അർഹത കണക്കിലെടുക്കുമ്പോൾ മേൽപ്പറഞ്ഞവർ സമർപ്പിച്ച ഒരു വാദഗതിയും നിലനിൽക്കുന്നതല്ല.

7) മേൽപ്പറഞ്ഞ സാഹചര്യത്തിൽ, പരാമർശം 7 മുതൽ 11 വരെയുള്ള ഒബ്ജക്ഷനുകൾ നിരസിക്കുന്നു. ശ്രീ. സാജു ഡി. യുടെ സീനിയോറിറ്റി പുനർ നിർണ്ണയിക്കുന്ന വിഷയം ഒരു പ്രത്യേക കേസായി പരിഗണിച്ചുകൊണ്ട് KS& SSRലെ ഭാഗം II ചട്ടം 39 ലെ അധികാരമുപയോഗിച്ച് ടിയാന് 16.03.2007 തീയതി പ്രാബല്യത്തിൽ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികയിലെ സീനിയോറിറ്റി ശ്രീ.റ്റി.എസ്.സെയ്ഫുദ്ദീനും ശ്രീ.എം.സി.ജോണിനും ഇടയിൽ ക്രമീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. എന്നാൽ ശ്രീ. സാജു. ഡി. യ്ക്ക് 16.03.2007 തീയതി മുതൽ ടിയാൻ യഥാർത്ഥത്തിൽ സേവനമാരംഭിച്ച കാലയളവുവരെയുള്ള കാലഘട്ടത്തിൽ ടിയാന്റെ ജൂനിയറിന് ലഭ്യമായിട്ടുള്ള സാമ്പത്തിക ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുകയില്ല.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**റ്റി.കെ.ജോസ്**
**പ്രിൻസിപ്പൽ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
(ആമുഖ കത്തു സഹിതം)
ഡയറക്ടർ, കേരളാ സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), തൃശൂർ.
എല്ലാ നഗരസഭാ ചെയർമാൻ/ചെയർപേഴ്സൺമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

ശ്രീ. ഡി. സാജു, മുനിസിപ്പൽ സെക്രട്ടറി
ശ്രീ. വി.ജെ. കുര്യൻ, മുനിസിപ്പൽ സെക്രട്ടറി
ശ്രീ. റ്റി.ജെ. അജേഷ്, മുനിസിപ്പൽ സെക്രട്ടറി
ശ്രീ. എ.എസ്. സുഭഗൻ, മുനിസിപ്പൽ സെക്രട്ടറി
ശ്രീ. യു.എസ്. സതീശൻ, മുനിസിപ്പൽ സെക്രട്ടറി
ശ്രീ. വിനു. സി. കുഞ്ഞപ്പൻ, മുനിസിപ്പൽ സെക്രട്ടറി
(നഗരകാര്യ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

Liya

**സെക്ഷൻ ഓഫീസർ**